വാരാന്ത്യപതിപ്പ് ലക്കം-31 | DECEMBER 19 - DECEMBER 25

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

**എൻ.എസ്.എസ് വാർത്തകൾ**

'അഭയം' ഭവന നിർമ്മാണം പുരഗമിക്കുന്നു
പേജ് 1

ജൈവ പച്ചക്കറി ചന്ത
പേജ് 1

അന്താരാഷ്ട്ര കർഷക ദിനം
പേജ് 2

പുതിയ പ്രോഗ്രാം ഓഫീസർ ചുമതലയേറ്റു
പേജ് 2

സപ്തദിന സഹവാസ ക്യാമ്പ്
പേജ് 3

ആവേശമായി ' സാഥി 2021'
പേജ് 4

ക്യാമ്പിലെ ക്രിസ്തുമസ്
പേജ് 4

മനുഷ്യ ഐക്യ ദിനം
പേജ് 5

സോഷ്യോപോഡ്സ്
പേജ് 5

ചോദ്യം ഉത്തരം
പേജ് 6

അക്ഷരാഗ്നി
പേജ് 6

ചിന്താവിഷയം
പേജ് 7




## ജൈവ പച്ചക്കറി ചന്ത

# എൻ.എസ്.എസ്. വാർത്തകൾ

## ജൈവ പച്ചക്കറി ചന്ത

ഡിസംബർ ഇരുപത്തി ഒന്ന് ഉച്ചയ്ക്ക് രണ്ട് മുതൽ മൂന്നര വരെ കോളേജിലെ ഗാന്ധി സ്മൃതിയിൽ എൻ എസ് എസിന്റെ നേതൃത്വത്തിൽ ചേറൂർ പുതിയ ക്യാമ്പസിൽ വിളവെടുത്ത പച്ചക്കറികൾ വില്പനയ്ക്കായി വച്ചു കൊണ്ട് ജൈവ പച്ചക്കറി ചന്ത സംഘടിപ്പിച്ചു. എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ ഉദ്ഘാടനം നിർവഹിച്ചു. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്ന എൻ എസ് എസിന്റെ ഈ ഉദ്യമത്തെയും അതിന് നേതൃത്വം നൽകുന്ന പ്രോഗ്രാം ഓഫീസർ പ്രൊഫ. രഞ്ജിത്ത് വർഗീസിനെയും അദ്ദേഹം അഭിനന്ദിക്കുകയും , ഇനിയും ഇത്തരം പ്രവർത്തനങ്ങൾ തുടരുന്നതിനായി എല്ലാ ആശംസകളും നേരുകയും ചെയ്തു. ഗണിത വിഭാഗം തലവൻ ഡോ. സാജു എം എ ക്ക് പച്ചക്കറിയുടെ ആദ്യ വില്പന നടത്തി. പ്രോഗ്രാം ഓഫീസർ രഞ്ജിത്ത് വർഗീസിന്റെ നേതൃത്വത്തിൽ രണ്ട് ബാച്ചിലെയും വളന്റിയേഴ്സ് ചടങ്ങിൽ പങ്കെടുത്തു.








## 'അഭയം' ഭവന നിർമ്മാണം പുരഗമിക്കുന്നു

എൻ എസ് എസിന്റെ സ്വപ്ന പദ്ധതിയായ 'അഭയം' ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പ്രോഗ്രാം ഓഫീസർ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെ നേതൃത്വത്തിൽ എല്ലാവരുടെയും സഹകരണത്തോടെ നല്ലരീതിയിൽ പണികൾ പുരോഗമിക്കുന്നു.ഡിസംബർ ഇരുപതിന് വീടിന്റെ തറ പണികൾ ആരംഭിച്ചു.

# അന്താരാഷ്ട്ര കർഷക ദിനം

ഡിസംബർ ഇരുപത്തിമൂന്ന് അന്താരാഷ്ട്ര കർഷക ദിനത്തിന്റെ ഭാഗമായി വളന്റിയേഴ്സ് വീഡിയോ പുറത്തിറക്കുകയും പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




# പുതിയ പ്രോഗ്രാം ഓഫീസർ ചുമതലയേറ്റു

എൻ എസ് എസ് യൂണിറ്റ് **42** ന്റെ പുതിയ പ്രോഗ്രാം ഓഫീസറായി സുവോളജി വിഭാഗം അധ്യാപിക ഡോ. വിമല കെ ജോൺ ചുമതലയേറ്റു.



# സപ്തദിന സഹവാസ ക്യാമ്പ്

എൻ എസ് എസിന്റെ സപ്തദിന സഹവാസ ക്യാമ്പ് 'സാഥി **2021**' ഡിസംബർ ഇരുപത്തിമൂന്ന് വ്യാഴാഴ്ച്ച വൈകുന്നേരത്തോടെ നിർമ്മല എച്ച് എസ് കുണ്ടുകാടിൽ ആരംഭിച്ചു. ഉദ്ഘാടന ചടങ്ങോടെ ക്യാമ്പിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പ്രിൻസിപ്പാൾ ഡോ.ഫാ.മാർട്ടിൻ കെ എ ഉദ്ഘാടനം നിർവഹിച്ചു. പ്രോഗ്രാം ഓഫീസർ പ്രൊഫ. രഞ്ജിത്ത് വർഗീസ് സ്വാഗതപ്രസംഗം നടത്തി. സ്കൂൾ ഹെഡ്മിസ്ട്രസ്സ് ത്രേസ്യ തോമസ് കെ , മാനേജർ , മേരി ജോസഫ്,പി ടി എ പ്രസിണ്ടന്റ് സുരേന്ദ്രൻ പി എം എന്നിവർ ആശംസ പ്രസംഗം നടത്തി. പ്രോഗ്രാം ഓഫീസർ ഡോ. വിമല കെ ജോൺ നന്ദിയർപ്പിച്ചു.
ഇരുപത്തിമൂന്ന് മുതൽ ഇരുപത്തിയൊമ്പത് വരെ നീണ്ടുനിൽക്കുന്ന ക്യാമ്പ് വളന്റിയേഴ്സിനിടയിൽ പുതിയൊരു ആവേശം സൃഷ്ടിച്ചു. നിർദേശങ്ങൾ നൽകാനായി സീനിയേഴ്സും ക്യാമ്പിൽ എത്തി ചേർന്നിട്ടുണ്ട്.



# ആവേശമായി ' സാഥി 2021'

എൻ എസ് എസ് സപ്തദിന ക്യാമ്പ് 'സാഥി **2021**' ആദ്യ ദിനം ആവേശത്തോടെ കടന്നു പോയി. രാവിലെ അസ്സംബ്ലിയോടെ ആരംഭിച്ച ക്യാമ്പ് പ്രവർത്തനങ്ങൾ വളന്റിയേഴ്സിനെ ഊർജ്ജിതരാക്കാൻ പര്യാപ്തമായിരുന്നു. സീനിയേഴ്സിന്റെ നേതൃത്വത്തിൽ നടന്ന യോഗ നൽകിയ പുത്തനുണർവ്വ് മെജോയി സാറിന്റെ ഐസ് ബ്രേക്കിംഗ് സെഷനിലൂടെ ഇരട്ടിയായി. ക്രിസ്തുമസ് ആഘോഷങ്ങൾക്ക് മുന്നോടിയായി നടന്ന കരോൾ ഗാനമത്സരം ക്യാമ്പിന് മാറ്റിക്കൂട്ടി.







# ക്യാമ്പിലെ ക്രിസ്തുമസ്

ക്രിസ്തുമസ് ദിനത്തിന്റെ ആഘോഷങ്ങൾ ക്യാമ്പിലും ഗംഭീരമായി നടന്നു. ഇതിനോടനുബന്ധിച്ച് പുൽക്കൂട് നിർമ്മാണം, കേക്ക് മുറിക്കൽ , വളന്റിയേഴ്സിന്റെ കലാപരിപാടികൾ എന്നിവ നടത്തി. ഇതോടൊപ്പം ക്യാമ്പിന്റെ രണ്ടാം ദിവസം തീരുമാനിച്ചിരുന്ന ക്ലാസ്സുകളും നടത്തി.






# മനുഷ്യ ഐക്യ ദിനം




ഡിസംബർ ഇരുപത് ആഗോള മനുഷ്യ ഐക്യ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.

# സോഷ്യോപോഡ്സ്




എയ്ജ് ആൻഡ് മാര്യേജ് എന്ന വിഷയത്തെക്കുറിച്ച് വളന്റിയർ അമൃത കൃഷ്ണ എൻ എസ് എസ് പോഡ്കാസ്റ്റായ സോഷ്യോ പോഡ്സിലൂടെ സംസാരിച്ചു. വിവാഹം ഒരാളുടെ വ്യക്തി താൽപ്പര്യമാണെന്നും അത് സ്വപ്നങ്ങളുടെ ചിറകരിയുന്നതാകരുത് എന്നും ഇതിലൂടെ അഭിപ്രായപ്പെട്ടു.



## ചോദ്യം ഉത്തരം

**ഏത് ക്ലാസ്സ് മുതലാണ് എൻ എസ് എസ് പദ്ധതി ആരംഭിക്കുന്നത്?**

**പ്ലസ് വൺ**

# അക്ഷരാഗ്നി

**-ആര്യ പ്രമോദ്**

വരികൾ പ്രണയ നിർഭരമാക്കാൻ ആഗ്രഹിച്ചു കൊണ്ട് വിരഹം മാത്രം മൂർച്ഛിച്ചു നിൽക്കുന്ന വരികൾക്ക് രൂപം നൽകുന്നതിന്റെ നിസ്സഹായാവസ്ഥ എത്രമേൽ കഠിനമാണ്...അവളിലെ പ്രണയിനി ചിത്ത വിസ്ഫോടനത്തിന്റെ വക്കിലാണ് അവളെ അതിൽ നിന്നും രക്ഷിക്കേണ്ടത് എന്റെ മാത്രം ചുമതല ആണ്... എന്ത് കൊണ്ടെന്നാൽ സ്വതവേ മൗനിയായ അവളിലെ മാറ്റം ആരും തിരിച്ചറിഞ്ഞു എന്ന് വരില്ല... ഉള്ളിലെ അലക്കടലിൽ അവളുടെ കണ്ണീര് വീണാലും ആരും ഗൗനിക്കില്ല ...ആവശ്യമില്ലെങ്കിൽ കൂടി വെറുതെ ചിരിച് വൃത്തികേടാക്കാൻ നോക്കുന്ന അവളുടെ വികാരങ്ങൾക്ക് ആരും ഒരു ശ്രദ്ധയും കൊടുക്കാൻ സാധ്യത ഇല്ല... അവൾ ഏകാകി ആയി തന്നെ തുടരും... കേവല വികാരങ്ങളെ ഗൗനിക്കാതെയുള്ള ഉയർച്ചകൾ ഏതൊരു തരത്തിലുള്ള ആനന്ദമാണോ നൽകുന്നത് അവയെ ഭയന്നവൾ ജീവിക്കും.എവിടെ തുടങ്ങിയോ അവിടെ തന്നെ അവസാനം... എന്നാൽ പോയ ദൂരങ്ങൾ കുറച്ചു അധികമായിരുന്നു എന്നതിനാൽ ചെറിയ തോതിലുള്ള ക്ഷീണം അവളിൽ പ്രതിഫലിക്കും... അതിൽ കടന്നൊന്നും ആർക്കും കണ്ടെത്താനാകില്ല.



**ചിന്താവിഷയം**:

"വീഴ്ച്ചകൾ ഒന്നും തന്നെ പറ്റാതിരിക്കുന്നതിലല്ല
മാഹാത്മ്യം , ഓരോ തവണയും
എഴുന്നേൽക്കുന്നതിലാണ്."

-കൺഫ്യൂഷ്യസ്-

@nss_stc_42_144